# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2736 09.05.2017-ൽ മറുപടിയ്ക്ക്

## അധികാരവികേന്ദ്രീകരണം ശക്തിപ്പെടുത്തുന്ന നടപടി

| ചോദ്യം<br><br>ശ്രീ.എം. സ്വരാജ് | | മറുപടി<br>ഡോ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | അധികാരവികേന്ദ്രീകരണം ശക്തിപ്പെടുത്തുന്നതിലേക്ക് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് അറിയിക്കുമോ; | (എ) | അധികാര വികേന്ദ്രീകരണം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി വികേന്ദ്രീകൃതാസൂത്രണ റിസോഴ്സ് ഗ്രൂപ്പ് പുനഃസംഘടിപ്പിക്കുകയും പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുകയും ചെയ്തിട്ടുണ്ട്. 13-ാം പഞ്ചവത്സരപദ്ധതി ജനകീയമാക്കുന്നതിന് വേണ്ടി തദ്ദേശസ്ഥാപന അധികാരികൾക്കും ജീവനക്കാർക്കും കൂടാതെ തദ്ദേശ സ്ഥാപനത്തിലെ ആസൂത്രണ സമിതി അംഗങ്ങൾക്കും സന്നദ്ധപ്രവർത്തകർക്കും പരിശീലനം നൽകി വരുന്നു. പദ്ധതി ആസൂത്രണ മാർഗ്ഗരേഖ ലഘൂകരിക്കുകയുണ്ടായി. പദ്ധതി ആസൂത്രണം, നിർവ്വഹണം, വിലയിരുത്തൽ എന്നീ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും ആസൂത്രണ നിർവ്വഹണ പ്രക്രിയയിലെ ജനപങ്കാളിത്തം വർദ്ധിപ്പിക്കാൻ ഭരണ സമിതിയെ സഹായിക്കുകയും ചെയ്യുക എന്നീ ലക്ഷ്യത്തോടെ ആസൂത്രണ സമിതികൾ രൂപീകരിക്കുന്നതിന് തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകുകയുണ്ടായി.<br>നഗര വൽക്കരണം ഉയർത്തുന്ന വെല്ലുവിളികൾക്ക് പരിഹാരം കാണുക എന്ന ലക്ഷ്യത്തോടെ നഗര സഭകൾക്ക് പ്രത്യേകം ആസൂത്രണ മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ഭാവിയിൽ എന്തെല്ലാം കാര്യങ്ങളാണ് ജനകീയാസൂത്രണ പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തുവാൻവേണ്ടി നടപ്പിലാക്കുവാൻ ആലോചിക്കുന്നതെന്ന് അറിയിക്കുമോ? | (ബി) | ജനകീയാസൂത്രണ പ്രക്രിയയിൽ സന്നദ്ധപ്രവർത്തകരുടേയും വിദഗ്ധരുടേയും സമിതികൾ രൂപീകരിച്ച് പദ്ധതി ആസൂത്രണ പ്രവർത്തനങ്ങളിൽ തദ്ദേശസ്ഥാപനങ്ങളെ സഹായിക്കുന്നതിന് ഉദ്ദേശിക്കുന്നു. വാർഡ് സഭകളും ഗ്രാമസഭകളും കൂടുതൽ ബഹുജനപങ്കാളിത്തത്തോടെ നടത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ പതിമൂന്നാം പഞ്ചവത്സര പദ്ധതി നവകേരളത്തിനായി ജനകീയാസൂത്രണം പദ്ധതിയായി ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഉൽപ്പാദന മേഖല, നഗരാസൂത്രണം, വിവിധ തലത്തിലെ പദ്ധതികൾ തമ്മിലുള്ള ഏകോപനം, ബഹുതല ആസൂത്രണം, യുവജന പങ്കാളിത്തം എന്നീ മേഖലകൾക്ക് ഊന്നൽ നൽകിയായിരിക്കും നവകേരളത്തിനായി ജനകീയാസൂത്രണം പരിപാടി നടപ്പിലാക്കുക. ഇവ പൂർണ്ണമായും പാലിച്ചുകൊണ്ട് ജനകീയാസൂത്രണ പ്രവർത്തനങ്ങളിൽ പൊതുജനപങ്കാളിത്തവും സന്നദ്ധപ്രവർത്തനവും ഉറപ്പുവരുത്തുവാൻ കഴിയുന്നതാണ്. പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ ലക്ഷ്യം തുടർച്ചാ സാധ്യതയുള്ള, പരിസ്ഥിതിരക്ഷ ഉറപ്പാക്കുന്ന, സാമൂഹ്യനീതി മുറുകെപ്പിടിക്കുന്ന സാമ്പത്തിക വളർച്ചയുടെ ഉയർന്ന പന്ഥാവിലേയ്ക്ക് കേരളത്തെ എത്തിക്കുക എന്നതാണ്. പൊതുജനാരോഗ്യ പൊതുവിദ്യാഭ്യാസ സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, തൊഴിൽ നൈപുണ്യ വികസനം, കേവലദാരിദ്ര്യനിർമ്മാർജ്ജനം, കൃഷി-പരിസ്ഥിതി-മണ്ണ്-ജലം എന്നിവയുടെ സംരക്ഷണം തുടങ്ങിയവയ്ക്കും പദ്ധതിയിൽ മുൻഗണന നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**